കേരള സർക്കാർ

നം.ഡി.എ 1/795/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം, 01.11.2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - 2017-18 വാർഷിക പദ്ധതി - പദ്ധതി നിർവ്വഹണം- സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 03/10/2017-ലെ 3.11, 3.16-ാം നമ്പർ തീരുമാനങ്ങൾ

സൂചനയിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അയടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളുടേയും ടെണ്ടർ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഇതിൽ വീഴ്ച സംഭവിച്ചാൽ പ്രോജക്ട് നിർവ്വഹണത്തേയും പദ്ധതിചെലവിനേയും ബാധിക്കും എന്നതിനാൽ ഇതിൽ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിൽ 2018-19-ലെ വാർഷിക പദ്ധതിയും ഉൾപ്പെടുത്തത്തക്ക വിധത്തിൽ മാർച്ച് മാസത്തിൽ തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വാർഷിക പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നേടിയിരിക്കേണ്ടതാണ്. അതിനുള്ള കലണ്ടർ തയ്യാറാക്കാനും 2018–19 ലേക്ക് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുതുക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുന്നതിനും സ്റ്റേറ്റ് റിസോർസസ് ഗ്രൂപ്പിനെ (എസ്.ആർ.ജി) ചുമതലപ്പെടുത്തുന്നു. പുതിയ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ആവശ്യമെങ്കിൽ രണ്ടോ മൂന്നോ പേരുടെ സേവനം മൂന്നുമാസത്തേക്ക് എസ്.ആർ.ജി ലേക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ